ॐ



നഹി സദ്ഭാവയുക്താനാം സുരാണാമീശ വിസ്മയ:
മത്തോऽസതാം മാനഭംഗ: പ്രശമായോപകല്പതേ (10-25-17)
ദേവേ വർഷതി യജ്ഞവിപ്ലവരുഷാ വജ്രാശ്മവർഷാനിലൈ:
സീദത് പാലപശുസ്ത്രി ആത്മശരണം ദൃഷ്ട്വാനുകംപ്യുത്സ്മയൻ
ഉത്പാട്യൈകകരേണ ശൈലമബലോ ലീലോച്ഛിലീന്ധ്രം യഥാ
ബിഭ്രദ് ഗോഷ്ഠമപാൻമഹേന്ദ്രമദഭിത് പ്രീയാന്ന ഇന്ദ്രോ ഗവാം (10-26-25)

*ശുകമുനി തുടർന്നു:*
തനിക്കു കിട്ടാറുള്ള അർഘ്യം നിഷേധിക്കപ്പെട്ടതിൽ ക്രുദ്ധനായ ഇന്ദ്രൻ തൻെറ അധീനതയിലുള്ള പ്രത്യേക മേഘങ്ങളോട് ഗോപഗ്രാമം മുഴുവൻ നശിപ്പിക്കാനാജ്ഞാപിച്ചു. ആ മേഘങ്ങൾക്ക് പ്രളയമഴയുണ്ടാക്കാൻ കഴിവുണ്ട്. ദുരഭിമാനംകൊണ്ട് മനസ്സു നിറഞ്ഞിരുന്നതിനാൽ കൃഷ്ണൻെറ ദിവ്യത ഇന്ദ്രൻ മറന്നു പോയിരുന്നു. കൃഷ്ണനെ വെറുമൊരു മനുഷ്യനായി ഇന്ദ്രൻ കരുതി. മഴയുടെ ദേവനായ ഇന്ദ്രൻെറ ആജ്ഞപ്രകാരം മേഘങ്ങൾ വൃന്ദാവനത്തിനു മുകളിൽ തങ്ങളുടെ നശീകരണശക്തി മുഴുവനും പ്രയോഗിക്കുവാൻ തുടങ്ങി. ഭയന്നുവിറച്ച ഗോപൻമാരും ഗോപികമാരും കൃഷ്ണനെ അഭയം പ്രാപിച്ചു. ഇത് ഇന്ദ്രൻെറ പകപോക്കലാണെന്ന് കൃഷ്ണന് ഉടനേ മനസ്സിലായി. കൃഷ്ണൻ അവരെ സമാധാനപ്പെടുത്തി. “ഞാനിപ്പോൾ ദിവ്യശക്തികൊണ്ട് ഇന്ദ്രൻെറ അഹങ്കാരം അവസാനിപ്പിക്കാൻ പോവുന്നു. ദേവൻമാർ കളങ്കമറ്റവരാണെങ്കിലും അവരാണ് ലോകത്തിൻെറ നിയന്താക്കൾ എന്നു കണക്കാക്കാൻ പാടില്ല. അവരുടെ അഹങ്കാരം അവസാനിപ്പിക്കുന്നത് അവരുടെ തന്നെ ശാന്തിക്കുതകുന്നതാണ്. എന്നിലഭയം തേടിയവരെ ഞാൻ രക്ഷിക്കുക തന്നെ ചെയ്യും.

ഇത്രയും പറഞ്ഞ് ഭഗവാൻ ലീലയായി ഗോവർദ്ധനപർവ്വതത്തെ ഒരു കൈ കൊണ്ടുയർത്തി. പർവ്വതത്തെ ഒരു കുടപോലെ പിടിച്ച് വൃന്ദാവനവാസികളോട് അതിനു കീഴിൽ നിൽക്കാൻ കൃഷ്ണൻ പറഞ്ഞു. എൻെറ കയ്യിൽ നിന്നും ഇത് ചാടിപ്പോവുമെന്ന് പേടിക്കേണ്ട. ഇതിനു താഴെ നിങ്ങൾക്ക് മഴയിൽനിന്നും കൊടുങ്കാറ്റിൽനിന്നും ഉപദ്രവം ഉണ്ടാവുകയില്ല. ഗ്രാമം മുഴുവനും ജനങ്ങളും പൈക്കളുംമെല്ലാം ഗോവർദ്ധനത്തിനു കീഴിൽ നിരന്ന് അഭയം തേടി. കൃഷ്ണൻ ഒരാഴ്ച ഗോവർദ്ധനത്തെ താങ്ങി അവിടെ നിന്നു. അങ്ങിനെ ഗ്രാമത്തെ നശിപ്പിക്കാൻ കഴിയാതെ കൃഷ്ണനിൽനിന്നും പരാജയം ഏറ്റുവാങ്ങി ഇന്ദ്രൻ മഴമേഘങ്ങളെ പിൻവലിച്ചു. വെള്ളപ്പൊക്കം അവസാനിച്ചപ്പോൾ ആളുകൾ വീടുകളിലേക്ക് മടങ്ങി. കൃഷ്ണൻ പർവ്വതം തഴെവച്ചു. ജനം കൃഷ്ണനെ അഭിനന്ദിച്ച് ആരാധിച്ചു.

അവർ നന്ദഗോപനോട് ഇങ്ങിനെ തങ്ങളുടെ അത്ഭുതം പറഞ്ഞു. “ആരാണീ കൃഷ്ണൻ? ശിശുവായിരിക്കുമ്പോൾ പൂതനയെക്കൊന്നു. പിന്നീടും പല രാക്ഷസരേയും കൃഷ്ണൻ വധിച്ചു. ഭയങ്കരനായ കാളിയനെ കീഴടക്കി. മാത്രമല്ല ഞങ്ങളെല്ലാം തീവ്രമായി സ്നേഹിക്കുന്നരീതിയിൽ ഒരാകർഷണീയത കൃഷ്ണനുണ്ട്. കൃഷ്ണനും ഞങ്ങളെ സ്നേഹിക്കുന്നു. ബാലന് ഏഴു വയസ്സേയുള്ളൂ. എന്നിട്ട് ഈ മല ുഴുവൻ ഉയർത്തി പിടിച്ചിരിക്കുന്നു ആരാണിവൻ എന്നാണ് ഞങ്ങൾക്കൽഭുതം” ഗാർഗമുനി നാമകരണസമയത്ത് പറഞ്ഞ കാര്യം നന്ദൻ അവരോട് പറഞ്ഞു. എനിക്കിപ്പോൾ ഉറപ്പാണ് കൃഷ്ണൻ ഭഗവാൻ നാരായണൻെറ അംശാവതാരം തന്നെയാണെന്ന്.. ഗ്രാമീണർ സംതൃപ്തരായി.

തനിക്കുള്ള അർഘ്യം നഷ്ടപ്പെട്ട ക്രോധത്തിൽ ഗ്രാമത്തെ പ്രളയത്തിലാഴ്ത്താൻ ഘോരമഴ പെയ്യിച്ച ഇന്ദ്രൻെറ പ്രതികാരത്തിൽ നിന്നും വൃന്ദാവനത്തെ രക്ഷിക്കാൻ ഗോവർദ്ധനപർവ്വതത്തെ ഒരു കൈ കൊണ്ടുയർത്തി പിടിച്ച ഭഗവാൻ കൃഷ്ണൻ ഞങ്ങളിൽ കൃപാലുവാകട്ടെ.